**പതിമൂന്നാം കേരള നിയമസഭ**

**ആറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്തചോദ്യം നമ്പർ: 75 10.12.2012 ലെ മറുപടിക്ക്

## ആറന്മുള വിമാനത്താവളം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. അജിത്: | | ശ്രീ. ഉമ്മൻചാണ്ടി (മുഖ്യമന്ത്രി) | |
| (എ) | നിർദ്ദിഷ്ട ആറന്മുള വിമാനത്താവളത്തിനായി ഏറ്റെടുത്തിട്ടുള്ള ഭൂമിയിൽ മിച്ചഭൂമി ഉള്ളതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര ഏക്കർ മിച്ചഭൂമിയെന്നും ആയത് സർക്കാർ അധീനതയിൽ ആക്കാനുള്ള നടപടികൾ സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ; | (എ) | ഉണ്ട്. ആറന്മുള വിമാനത്താവള പദ്ധതിയുമായി ബന്ധപ്പെട്ട് കോഴഞ്ചേരി താലൂക്കിലെ വിവിധ വില്ലേജുകളിലെയും തിരുവല്ല താലൂക്കിലെ തിരുവല്ല വില്ലേജിലുമായി 117.68.50 ഹെക്ടർ ഭൂമി വാങ്ങിയിട്ടുള്ളതായുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും കേരള ഭൂപരിഷ്കരണ നിയമം 87(A) വകുപ്പ് പ്രകാരം റിട്ടേൺ ഫയൽ ചെയ്യാത്തതിനാലും 85(7) വകുപ്പ് പ്രകാരം സ്വമേധയാ മിച്ചഭൂമി കേസ് എടുക്കുന്നതിന് അനുവാദം നല്കി 03.07.2012 ൽ ലാൻഡ് ബോർഡ് ഉത്തരവ് നല്കിയിട്ടുണ്ട്. മേൽ പറഞ്ഞതിനു പുറമേ മറ്റ് സ്ഥലങ്ങളിൽ ഭൂമിയുണ്ടോ എന്ന് പരിശോധിച്ചും കക്ഷികളെ കേട്ടും രേഖകൾ പരിശോധിച്ചും മിച്ചഭൂമി ഉണ്ടോ എന്ന് കണ്ടെത്തുന്നതിനുള്ള നടപടികൾ താലൂക്ക് ലാൻഡ് ബോർഡിൽ നടന്നു വരുന്നുണ്ട്. താലൂക്ക് ലാൻഡ് ബോർഡ് പാസ്സാക്കുന്ന ഉത്തരവിന്മേൽ മിച്ചഭൂമിയായി പ്രഖ്യാപിയ്ക്കുന്ന മുറയ്ക്ക് സർക്കാർ അധീനതയിൽ ഏറ്റെടുക്കുന്നതാണ്. |
| (ബി) | വിമാനത്താവള പദ്ധതിയുമായി ബന്ധപ്പെട്ട് നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം, ഭൂപരിഷ്കരണ നിയമം, ഭൂവിനിയോഗ നിയമം എന്നിവ ലംഘിക്കപ്പെട്ടുമെന്ന പരാതി പരിശോധിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. |

| | | | |
|---|---|---|---|
| (സി) | നിർദ്ദിഷ്ട വിമാനത്താവള പദ്ധതിക്കെതിരെ എന്തെങ്കിലും കേസുകൾ കോടതിയിൽ നിലവിലുണ്ടോയെന്നും ഇക്കാര്യത്തിൽ സർക്കാരിന്റെ അഭിപ്രായം കോടതിയിൽ നൽകിയിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ; | (സി) | ആറന്മുള വിമാനത്താവളവുമായി ബന്ധപ്പെട്ട് ശ്രീമതി സുഗതകുമാരി മുതൽപേർ WP(C)6004/12 നമ്പരായും KGS ആറന്മുള ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് WP(C)3407/12 നമ്പരായും ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്. ഇതിൽ WP(C)6004/12ൽ കേസിന്റെ കാര്യ വിവര പത്രിക പത്തനംതിട്ട ജില്ലാ കളക്ടർ അഡ്വക്കേറ്റ്ജനറലിന് അയച്ചു കൊടുത്തിട്ടുണ്ട്. |
| (ഡി) | ആറന്മുള വിമാനത്താവള പദ്ധതി നടപ്പാക്കുകയാണെങ്കിൽ നെൽവയലുകളും തണ്ണീർത്തടങ്ങളും മറ്റും ഏറ്റെടുക്കേണ്ടി വരുമെന്നകാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ നെൽവയലുകളും തണ്ണീർത്തടങ്ങളും മറ്റും നികത്തേണ്ടി വരുമ്പോഴുണ്ടാകുന്ന പാരിസ്ഥിതിക ആഘാതത്തെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; | (ഡി) | ഉണ്ട്. പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് വിശദമായ പാരിസ്ഥിതിക പഠനം നടത്തിയതായി പദ്ധതിയുടെ പ്രമോട്ടർ അറിയിച്ചിട്ടുണ്ട്. |
| (ഇ) | ആറന്മുള വിമാനത്താവള പദ്ധതിക്കായി കേന്ദ്രവനം പരിസ്ഥിതി മന്ത്രാലയത്തിന്റെ ക്ളിയറൻസ് ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കുമോ? | (ഇ) | പദ്ധതിക്ക് കേന്ദ്രവനം പരിസ്ഥിതി മന്ത്രാലയത്തിന്റെ ക്ലിയറൻസ് ലഭിച്ചതായി കാണുന്നില്ല. ആഗസ്റ്റ് 16,17 നു കൂടിയ കേന്ദ്ര Expert Appraisal Committee for Building Construction Coastal Regulation Zone, Infrastructure Development and Miscellaneous Project, ചില വ്യവസ്ഥകൾക്ക് വിധേയമായി പദ്ധതിക്കുള്ള പാരിസ്ഥിതിക ക്ലിയറൻസിനു ശുപാർശ ചെയ്തതായും പദ്ധതിയുടെ പ്രമോട്ടർ ടി കമ്മിറ്റിയുടെ നടപടി കുറിപ്പിന്റെ പകർപ്പ് സഹിതം അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ